## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5545 | 18.11.2019- ൽ മറുപടിയ്ക്ക്

### ജയിൽ സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. കെ.ജെ. മാക്സി | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൂടി ആകെ എത്ര ജയിലുകളുണ്ടെന്നും ആകെ എത്ര തടവുകാരെ പാർപ്പിക്കാമെന്നും അറിയിക്കുമോ ; | (എ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 55 ജയിൽ സ്ഥാപനങ്ങൾ നിലവിലുണ്ട്. ടി ജയിലുകളിലായി 6451 പുരുഷ തടവുകാരെയും 404 സ്ത്രീ തടവുകാരെയും പാർപ്പിക്കാൻ സാധിക്കും. |
| (ബി) | നിലവിൽ എല്ലാ ജയിലുകളിലും കൂടി എത്ര തടവുകാരെ പാർപ്പിച്ചിട്ടുണ്ടെന്ന് സ്ത്രീ-പുരുഷ ഇനം തിരിച്ച് അറിയിക്കാമോ ; സംസ്ഥാനത്തെ ജയിലുകളുടെ ശേഷിയിൽ കൂടുതലായി എത്ര തടവുകാരെ പാർപ്പിച്ചിട്ടുണ്ടെന്നും ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വിശദമാക്കാമോ ; | (ബി) | നിലവിൽ എല്ലാ ജയിലുകളിലുമായി 7485 (11.11.2019 തീയതി ആധാരമാക്കി) തടവുകാരെ പാർപ്പിച്ചുവരുന്നു. സ്ത്രീകൾ -167, പുരുഷന്മാർ-7318 പേർ അംഗീകൃത കപ്പാസിറ്റിയിലും കൂടുതലായി 630 തടവുകാരെ ജയിലുകളിൽ പാർപ്പിച്ചുവരുന്നു. തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിന്റെ ഭാഗമായി തവനൂരിൽ പുതിയ ജയിൽ നിർമ്മിച്ചുവരുന്നുണ്ട്. കൂടാതെ പത്തനതിട്ടയിൽ ജയിൽ പുതുക്കി പണിയുന്നതിനും ഇരിങ്ങാലക്കുടയിൽ കൂടുതൽ സൗകര്യങ്ങളോടെ ജയിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിയും ആലപ്പുഴയിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണവും നടന്നുവരുന്നു. |
| (സി) | ജയിലുകളുടെ സുരക്ഷാ സംവിധാനങ്ങളുടെ കുറവുമൂലം കഴിഞ്ഞ പത്ത് വർഷത്തിനകം എത്ര തടവുകാർ ജയിൽ ചാടി ; അതിൽ എത്ര പേരെ പിടികൂടി ; വ്യക്തമാക്കുമോ ; | (സി) | കഴിഞ്ഞ പത്ത് വർഷത്തിനകം സംസ്ഥാനത്തെ വിവിധ ജയിലുകളിൽ നിന്ന് 43 തടവുകാർ ജയിൽ ചാടുകയും ഇതിൽ 34 തടവുകാരെ തിരികെ പിടികൂടുകയും ചെയ്തു. സുരക്ഷാ സംവിധാനങ്ങളുടെ കുറവുമൂലമാണ് ഇതെന്നു വിലയിരുത്തിയിട്ടില്ല |
| (ഡി) | സംസ്ഥാനത്തെ മുഴുവൻ ജയിലുകളിലും തടവുകാരുടെ നിരീക്ഷണം ശക്തമാക്കുന്നതിന്റെ ഭാഗമായി എത്ര ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട് ; കൂടുതൽ എത്രയെണ്ണം കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു ; നിരീക്ഷണം ശക്തമാക്കാൻ മറ്റ് എന്തൊക്കെ | (ഡി) | കേരളത്തിൽ ആകെ 55 ജയിലുകൾ ഉള്ളതിൽ 52 ജയിലുകളിലായി 1103 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിലിലും അടുത്തിടെ പ്രവർത്തനം ആരംഭിച്ച ഇടുക്കി, മലമ്പുഴ ജില്ല ജയിലുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടില്ല. ഉടൻതന്നെ കൂടുതലായി 427 നിരീക്ഷണ |

൭൨

| | | | |
|---|---|---|---|
| | നടപടികളാണ് സ്വീകരിച്ച വരുന്നത് ; പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ | | ക്യാമറകൾ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. നിരീക്ഷണം ശക്തമാക്കുന്നതിന്റെയും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന്റെയും ഭാഗമായി അത്യാധുനിക ഉപകരണങ്ങളായ മെറ്റൽ ഡിക്ടക്ടർ, Non Lenear Junction Detector, Security Pole, X-ray baggage Scanner എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | വിചാരണ തടവുകാരെ വിലങ്ങണിയിക്കാതെ പുറത്തുകൊണ്ടുപോകുന്നതുമൂലം കുറ്റവാളികൾ രക്ഷപ്പെടുവാനുള്ള സാധ്യത കൂടുതലാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ ; | (ഇ) | ഒരു ശിക്ഷാ തടവുകാരനെയോ വിചാരണ തടവുകാരനെയോ തന്റെ കുറ്റകൃത്യത്തിന്റെ ഹീനതമൂലമോ അക്രമ വാസനയോ തടവുചാടാനുള്ള സാധ്യതയോ ഇല്ലായെങ്കിൽ കൈവിലങ്ങണിയിക്കുവാൻ പാടുള്ളതല്ല എന്നു 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 584 ൽ നിഷ്കർഷിക്കുന്നുണ്ട്. തടവുകാരെ പുറത്ത് കൊണ്ട് പോകുന്നത് പരമാവധി ഒഴിവാക്കാനായി ജയിലും കോടതിയും തമ്മിൽ വീഡിയോ കോൺഫറൻസിലൂടെ ബന്ധിപ്പിച്ച് വിചാരണ നടത്തുന്നതിനുള്ള നടപടികൾ നടന്ന് വരുന്നു. |
| (എഫ്) | കഴിഞ്ഞ പത്ത് വർഷത്തിനകം എത്ര വിചാരണ തടവുകാർ ഇത്തരത്തിൽ രക്ഷപ്പെട്ടു; അതിൽ എത്ര പേരെ പിടികൂടി ; വിശദാംശം ലഭ്യമാക്കാമോ ; | (എഫ്) | കഴിഞ്ഞ പത്ത് വർഷത്തിനകം പോലീസ് കസ്റ്റഡിയിൽ നിന്നും 63 തടവുകാർ രക്ഷപ്പെട്ടു. ഇതിൽ 28 തടവുകാരെ പിടികൂടിയിട്ടുണ്ട്. |
| (ജി) | വിചാരണ തടവുകാരെ വിചാരണയ്ക്കായി വിവിധ കോടതികളിൽ കൊണ്ടുപോകുന്നതിനും തിരിച്ച് ജയിലുകളിൽ എത്തിക്കുവാനുമുള്ള ചുമതല പോലീസ് വകുപ്പിനാണോ ജയിൽ വകുപ്പിനാണോ എന്നത് വ്യക്തമാക്കുമോ ? | (ജി) | 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 590 പ്രകാരം തടവുകാരുടെ എസ്കോർട്ട് ചുമതല പോലീസ് വകുപ്പിനാണ്. |

സെക്ഷൻ ഓഫീസർ